Vol-II, No.1
07-01-2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**പ്രധാന വാർത്തകൾ**

01. ഒറീസാ സംഭവം: ദുഃഖം,നടുക്കം—കെ.സി.ബി.സി.
02. ഒറീസയിൽ അക്രമത്തിനിരയായവരെ ഉടൻ പുനരധിവസിപ്പിക്കണം - ഐക്യ-ജാഗ്രതാ കമ്മീഷൻ
03.· ക്രൈസ്തവർക്കെതിരെയുള്ള പീഢനങ്ങൾ ഇല്ലാതാക്കാൻ പ്രാർത്ഥിക്കുക- മാർ വിതയത്തിൽ
04. ഒറീസയിൽ നിന്ന് മറ്റൊരു കളങ്കം
05. ഒറീസ അക്രമം- പൊലീസ് സംരക്ഷണം നൽകുന്നില്ലെന്ന് ആർച്ച് ബിഷപ്
06. പുതുവർഷത്തെ എതിരേൽക്കാൻ കുടിച്ചു തീർത്തത്-18.5 കോടി.

## 01. ഒറീസാ സംഭവം: ദുഃഖം,നടുക്കം - കെ.സി.ബി.സി

ക്രിസ്തുമസ് ദിനത്തിൽ ഒറീസ്സയിലെ കണ്ടാമല ജില്ലയിൽ ക്രിസ്തീയ ദേവാലയങ്ങൾക്കും സന്യാസിനീ മഠങ്ങൾക്കും അനാഥാലയങ്ങൾക്കും ക്രിസ്തുമസ് ദിനത്തിലെ ദിവ്യബലി വേളയിൽ ബിഷപ്സ് ഹൗസിനു നേരെ ഒരു പറ്റം സമൂഹവിരുദ്ധർ നടത്തിയ അക്രമത്തിലും തീവെപ്പിലും കേരളാകത്തോലിക്കാ മെത്രാൻ സമിതി കടുത്ത ദുഃഖവും നടുക്കവും രേഖപ്പെടുത്തി. ഒരു ജനാധിപത്യരാഷ്ട്രത്തിൽ നടക്കാൻ പാടില്ലാത്തതാണിത്. അനാഥാലയങ്ങളും ആംബുലൻസുകൾപോലും തീവെച്ചു നശിപ്പിച്ച അക്രമികൾ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അക്രമം അഴിച്ചുവിടുകയായിരുന്നു. ന്യൂനപക്ഷസമുദായങ്ങൾക്കു നേരെയുള്ള അതിക്രമങ്ങൾ നിയന്ത്രണാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒറീസ്സയിലെ സംഭവവികാസങ്ങൾ തികച്ചും ഉത്കണ്ഠാജനകമാണ്. തീർച്ചയായും അക്രമികളെ കണ്ടെത്തി ശിക്ഷിക്കുന്നതിലും വരും ദിനങ്ങളിൽ ക്രിസ്തീയ ദേവാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും സുരക്ഷ ഉറപ്പാക്കുന്നതിലും അധികൃതർ ജാഗ്രത പാലിക്കണം. -കെ.സി.ബി.സി. പ്രസിഡന്റ് ആർച്ച് ബിഷപ്പ് മോസ്റ്റ്. റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിലും സെക്രട്ടറി ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും ഒപ്പുവച്ച പ്രസ്താവനയിൽ അഭ്യർത്ഥിച്ചു.

രണ്ട് ഇടവകദേവാലയങ്ങളടക്കം 20 ദേവാലയങ്ങൾ, കേരളത്തിൽ നിന്നുള്ള സന്യാസസഭകളുടേതടക്കം 3 മഠങ്ങൾ, 6 അനാഥാലയങ്ങൾ, 2 ആംബുലൻസുകൾ എന്നിങ്ങനെ ആക്രമണത്തിന്റെയും തീവെപ്പിന്റെയും കൃത്യമായ കണക്കുകൾ കെ.സി.ബി.സി.യുടെ ആസ്ഥാനകാര്യാലയത്തിൽ ലഭിച്ചതായി ഡെപ്യൂട്ടി സെക്രട്ടറി റവ. ഡോ. സ്റ്റീഫൻ ആലത്തറ അറിയിച്ചു. അക്രമണത്തിൽ ആരും മരിച്ചിട്ടില്ലെങ്കിലും നിരവധി പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. വീടുകളും സ്ഥാപനങ്ങളും വാഹനങ്ങളും തീവെച്ച് നശിപ്പിച്ചതു കൂടാതെ നിരവധി ഉപകരണങ്ങൾ കവർച്ച ചെയ്തതുമൂലം കോടികളുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്നും ഒറീസ്സയിലെ സഭാവൃത്തങ്ങളെ ഉദ്ധരിച്ചുകൊണ്ട് കെ.സി.ബി.സി. വക്താവ് ഡോ. സ്റ്റീഫൻ ആലത്തറ പറഞ്ഞു.

## 02. ഒറീസ്സയിൽ അക്രമത്തിനിരയായവരെ ഉടൻ പുനരധിവസിപ്പിക്കണം

കെ.സി.ബി.സി. ഐക്യ-ജാഗ്രതാകമ്മീഷൻ

ഒറീസ്സയിൽ അക്രമികളുടെ താണ്ഡവത്തിനിരയായവരെ ഉടൻ പുനരധിവസിപ്പിക്കണമെന്നും മതമൈത്രിയും സമാധാനവും പുനസ്ഥാപിക്കുവാൻ സമൂഹത്തിന്റെ ഉന്നമനത്തിനായി

പ്രവർത്തിക്കുന്ന എല്ലാവരും മുന്നോട്ടുവരണമെന്നും കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു. ഒറീസ്സാ സംഭവം ഭാരതത്തിന്റെ മതേതരത്വത്തിനും മതമൈത്രിക്കും ഏറ്റ കനത്ത പ്രഹരമാണ്. നൂറ്റാണ്ടുകളായി മറ്റു രാജ്യങ്ങൾക്കുപോലും മാതൃകയായിരുന്ന ഭാരതത്തിന്റെ മതസഹിഷ്ണതയ്ക്കും സാഹോദര്യത്തിനും ഒറീസ്സാസംഭവം മങ്ങലേൽപ്പിച്ചിരിക്കയാണ്.

പല മതരാഷ്ട്രീയ സാംസ്കാരിക നേതാക്കളുടെ സമാധാനശ്രമങ്ങളും പ്രസ്താവനകളും സ്ഥിതിഗതികളുടെ കാഠിന്യം കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. ഒറീസ്സയിൽ ഇനിയും സ്ഥിതിഗതികൾ പൂർണ്ണമായും നേരെയായിട്ടില്ല. ഇപ്പോഴും ധാരാളം വൈദീകരും സന്യസ്തരും കുടുംബങ്ങളും വനാന്തരങ്ങളിലാണ് കഴിയുന്നത്. കോൺവെന്റുകളും പള്ളികളും ഇപ്പോഴും ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നിരവധി വീടുകൾ അഗ്നിക്കിരയാക്കികൊണ്ടിരിക്കുന്നു. ക്രൈസ്തവരുടെ ജീവനും സ്വത്തിനും ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. ഭരണാധികാരികളുടെ മൗനാനുവാദം അക്രമികൾക്ക് പ്രചോദനമാവുകയാണ്. ഒറീസ്സയിൽ ക്രൈസ്തവർ അനുഭവിക്കുന്ന മതപീഢനം കണ്ടില്ലെന്ന് നടിക്കാൻ ഒരു ജനാധിപത്യ സർക്കാരിനും സാധ്യമല്ല.

അക്രമം ഒരിക്കലും വിജയിക്കില്ല. മതഭ്രാന്തൻമാർ ഒരിക്കലും അന്തിമവിജയം കണ്ടെത്തില്ല. അന്തിമവിജയം സമാധാനം കാംക്ഷിക്കുന്നവരുടേതാണ്. ഭാരതീയസംസ്കാരത്തിന്റെ ഭാഗമായ മതേതരത്വവും മതസഹിഷ്ണുതയും നശിപ്പിക്കാം എന്ന് കരുതുന്നുണ്ടെങ്കിൽ അത് വ്യാമോഹം മാത്രമാണ്: കമ്മീഷൻ സെക്രട്ടറി പറഞ്ഞു.

സാമൂഹ്യനൻമമാത്രം കാംക്ഷിക്കുന്ന ക്രൈസ്തവ മിഷണറിമാരെ ഉപദ്രവിച്ചും പീഡിപ്പിച്ചുമല്ല സവർണ്ണമേധാവിത്വം കാണിക്കേണ്ടത്. ഭീതിജനകമായ അന്തരീക്ഷത്തിൽ ജീവിക്കുന്ന ക്രൈസ്തവവിശ്വാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണം. കലാപഭൂമിയിൽ സമാധാനം സ്ഥാപിക്കണം. അക്രമത്തിന്റെ സൂത്രധാരൻമാരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരണം. അവർക്കെതിരെ കർശനനടപടി എടുക്കണം. അവരെ സംരക്ഷിക്കുന്ന ഭരണാധികാരികൾക്കെതിരെയും ശക്തമായ നടപടിയെടുക്കണമെന്നും കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

### 03. ക്രൈസ്തവർക്കെതിരെയുള്ള പീഢനങ്ങൾ ഇല്ലാതാക്കാൻ പ്രാർത്ഥിക്കുക- മാർ വിതയത്തിൽ

ദീപിക 1-1-2008

ഏതാനും മതഭ്രാന്തർ ക്രൈസ്തവർക്കെതിരെ നടത്തുന്ന പീഢനങ്ങൾ അവസാനിപ്പിക്കാൻ പ്രാർത്ഥിക്കണമെന്നും ദൈവീകസ്നേഹം എല്ലാവരോടും പ്രകടിപ്പിക്കാൻ ശ്രമിക്കണമെന്നും കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ആഹ്വാനം ചെയ്തു. തുറവൂർ സെന്റ് അഗസ്റ്റിൻ ദേവാലയത്തിന്റെ ശതാബ്ദി ആഘോഷസമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് അനുഗ്രഹസന്ദേശം നൽകുകയായിരുന്നു മാർ വർക്കി വിതയത്തിൽ. ഒറീസയിൽ നിരവധി പള്ളികളും ആരാധനാലയങ്ങളും നശിപ്പിച്ചു കഴിഞ്ഞെന്നും ഇപ്പോഴും നശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. പക്ഷേ യേശുനാഥൻ പറഞ്ഞിട്ടുണ്ട് പ്രതികാരം കാണിക്കരുത് എന്ന്. പ്രതികാരം കാണിക്കുന്നത് ക്രൈസ്തവരുടെ രീതിയല്ല എന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. താങ്കളെ കൊല്ലുന്നതിനേക്കാൾ താങ്കൾ എന്നെ കൊല്ലുന്നതാണ് എനിക്ക് സന്തോഷം എന്നു പറയാൻ കഴിയണമെന്നും അതാണ് യേശുക്രിസ്തു നമ്മെ പഠിപ്പിച്ച സ്നേഹമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. യേശുക്രിസ്തുവിനെ അവഹേളിക്കുമ്പോൾ നമ്മൾ തോറ്റെന്നു വിചാരിക്കാം.

പക്ഷേ സ്നേഹം തന്നെയായ ദൈവം നമുക്ക് മഹത്വം നൽകും എന്ന വിശ്വാസത്തോടെ എല്ലാവരെയും സ്നേഹിക്കണമെന്നും ദൈവവചനമനുസരിച്ച് എല്ലാവരും ജീവിക്കണമെന്നും മാർ വിതയത്തിൽ തുടർന്നു പറഞ്ഞു. സമ്മേളനത്തിൽ ജസ്റ്റിസ് കുര്യൻ ജോസഫ് അധ്യക്ഷനായിരുന്നു. ജോസ് തെറ്റയിൽ എം.എൽ. എ, അങ്കമാലി ഫൊറോന വികാരി ഫാ. പോൾ കരിയാറ്റി, മുൻ എം.

എൽ.എ. പി.ജെ. ജോയി, തുറവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എൻ വിഷ്ണു, സിസ്റ്റർ നവ്യ എസ്.ഡി എന്നിവർ പ്രസംഗിച്ചു. നിർധനരെയും നിരാലംബരേയും സഹായിക്കുന്നതിനുവേണ്ടി രൂപീകരിച്ച ശതാബ്ദി സഹായനിധിയുടെ ഉദ്ഘാടനവും കർദ്ദിനാൾ നിർവ്വഹിച്ചു. പൊതുസമ്മേളനത്തിനു മുമ്പായി എറണാകുളം - അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് ചക്യത്തിന്റെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാ ബലിയർപ്പണം നടത്തി. ആഘോഷപരിപാടികൾക്ക് വികാരി ഫാ. സെബാസ്റ്റ്യൻ അയിനിയാടൻ, സഹവികാരി ഫാ. ജോമോൻ ശങ്കുരിക്കൽ എന്നിവർ നേതൃത്വം നൽകി

**04. ഒറീസയിൽ നിന്ന് മറ്റൊരു കളങ്കം** മനോരമ 29-12-2007

ഇന്ത്യൻ ജനത അഭിമാനപൂർവ്വം കാത്തുസൂക്ഷിക്കുന്ന മതനിരപേക്ഷതയ്ക്കും ഭരണഘടന ഉറപ്പാക്കുന്ന ന്യൂനപക്ഷ സംരക്ഷണത്തിനും ആവർത്തിച്ചു മുറിവേൽക്കുന്നത് അത്യന്തം ആശങ്കാജനകമാണ്. ഒൻപതു വർഷം മുൻപ് ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസിനെയും അദ്ദേഹത്തിന്റെ രണ്ട് പിഞ്ചു മക്കളെയും ചുട്ടുകൊന്ന ഒറീസയിൽ തന്നെയാണ് അസ്വാസ്ഥ്യജനകമായ സംഭവങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നതെന്നതും കൂടുതൽ ഉത്കണ്ഠ ഉളവാക്കുന്നു. ചിലർ വിദ്വേഷത്തിന്റെ കനലുകൾ കെട്ടടങ്ങാതെ സൂക്ഷിക്കുകയാണെന്നല്ലേ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

ഒറീസയുടെ പിന്നാക്ക ജില്ലകളിൽ, പ്രത്യേകിച്ചു ഗോത്രവിഭാഗങ്ങൾ ഏറെയുള്ള മേഖലകളിലാണ് വ്യാപകമായി അക്രമം നടക്കുന്നത്. ക്രിസ്മസ് ആഘോഷങ്ങൾക്കായുള്ള ഒരുക്കങ്ങളെ ചിലർ തടഞ്ഞതും ഒരു സന്യാസിയുടെ നേരെ തുടർന്ന് ആക്രമണമുണ്ടായതും അനിഷ്ട സംഭവങ്ങൾക്ക് വഴിമരുന്നിട്ടു. ഏതാനും ജീവൻ പൊലിഞ്ഞു. പള്ളികൾ വൈദീകമന്ദിരങ്ങൾ, മഠങ്ങൾ, ഹോസ്റ്റലുകൾ എന്നിവ തകർക്കപ്പെട്ടു. നിരോധനാജ്ഞ ഏർപ്പെടുത്തുകയും പൊലീസിനെ നിയോഗിക്കുകയും ചെയ്തെങ്കിലും പലയിടങ്ങളിലും ഗോത്രവർഗ്ഗക്കാർക്കു സംരക്ഷണം കിട്ടിയില്ലെന്നാണു പരാതി.

നവീൻ പട്നായിക്കിന്റെ നേതൃത്വത്തിലുള്ള ബിജു ജനതാദൾ സർക്കാർ ആക്രമണങ്ങളെയെല്ലാം വെറും നിയമസമാധാന പ്രശ്നങ്ങളായി കാണുന്നത് ശരിയല്ല. ആസൂത്രിതം തന്നെയായിരുന്നു ആക്രമണങ്ങൾ. ഗോത്രവർഗ്ഗക്കാരും അവരുടെ ഇടയിൽ പ്രവർത്തിക്കുന്ന മിഷണറിമാരും എപ്പോഴും ഭീഷണിയുടെ നിഴലിലാണ്. എല്ലാ വിഭാഗങ്ങളുടെയും സംരക്ഷണത്തിനു സർക്കാർ കൂടുതൽ നടപടി എടുക്കേണ്ടിയിരുന്നു.സംസ്ഥാനസർക്കാർ പരാജയപ്പെട്ടു എന്നുതന്നെയാണ് ദിവസങ്ങൾ നീണ്ടുനിന്ന അക്രമങ്ങൾ തെളിയിക്കുന്നത്. ബി.ജെ.പി.സഖ്യ കക്ഷിയായ ബിജു ജനതാദൾ എല്ലാ വിഭാഗങ്ങൾക്കും സംരക്ഷണം നൽകുന്നതിൽ വേണ്ടത്ര താൽപര്യം കാട്ടുന്നില്ലെന്നാണ് -ഇടതു പാർട്ടികളുടെ ആരോപണം. ഗോത്രവിഭാഗങ്ങൾക്കിടയിലെ മിഷണറിമാരുടെ പ്രവർത്തനങ്ങളെ വിശ്വ ഹിന്ദു-പരിഷത് എതിർക്കുന്നു. സംഘപരിവാറിന്റെ സംഘടനയായ വനവാസി കല്യാൺ പരിഷത് മിഷണറിമാർക്കെതിരെ മതപരിവർത്തനം ആരോപിക്കുകയും ചെയ്യുന്നു. ഇതാണ് സംഘർഷത്തിനു കാരണം. എല്ലാ വിഭാഗങ്ങളുടെയും നേതാക്കൾ ആത്മപരിശോധനയ്ക്കു തയ്യാറാവുകയും മതങ്ങളുടെ സാരാംശമായ സഹിഷ്ണുതയെ മുറുകെ പിടിക്കുകയും ചെയ്താലേ സ്ഥിതിഗതികൾ സാധാരണനിലയിലാവുകയുള്ളൂ. രാജ്യത്തിന്റെ പല ഭാഗങ്ങളിലും ആവർത്തിക്കുന്ന വർഗീയ കലാപങ്ങൾ ഇന്ത്യൻ ജനത ഒരു പരിഷ്കൃത സമൂഹമാണോയെന്ന സംശയം പോലും സൃഷ്ടിക്കുന്നു. വർഗ്ഗീയവികാരങ്ങൾ ആളിക്കത്തിക്കുന്നതിൽ രാഷ്ട്രീയപാർട്ടികളുടെ പരോക്ഷമായ പങ്കാളിത്തവും കാണാതിരുന്നു കൂടാ. കൊല്ലും കൊലപാതകവും ഉൾപ്പെടെ ഭീകരത ഒരു രീഷ്ട്രീയ ആയുധമായിതീർന്നിട്ടുണ്ടെന്നതിനു ഡൽഹി, മുംബൈ കലാപങ്ങൾ തന്നെ തെളിവ്. രാഷ്ട്രീയപാർട്ടികൾ ഭീകരതയെ തള്ളിപ്പറയുകയും മതവികാരങ്ങൾ ഉണർത്താതിരിക്കുകയും ചെയ്താൽ തന്നെ വർഗ്ഗീയ അസ്വാസ്ഥ്യങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ നാം ആദ്യവിജയം നേടുകയായി.

പകരം ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളിൽ ശ്രദ്ധ ഊന്നുകയാണ് രാഷ്ട്രീയപാർട്ടികൾ ചെയ്യേണ്ടത്. വികസനത്തിന്റെ ഗുണഫലങ്ങൾ അധികമൊന്നും എത്തിച്ചേരാത്ത മേഖലകളാണ് കലാപങ്ങൾക്കു വളക്കൂറുള്ള മണ്ണായി മാറുന്നത്. അവഗണിക്കപ്പെട്ട ഗോത്രവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടു വരണം. അതോടൊപ്പം കർക്കശമായ നടപടികളിലൂടെ അക്രമം അമർച്ച ചെയ്യുകയും വേണം. എല്ലാ വിഭാഗം ജനങ്ങൾക്കും സുരക്ഷിതമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടത് ഒറീസ സർക്കാരിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. ന്യൂനപക്ഷങ്ങൾക്കും അധഃസ്ഥിത വർഗ്ഗങ്ങൾക്കും നേരെ തുടരെയുള്ള അക്രമങ്ങൾ രാജ്യത്തിനുതന്നെ തീരാകളങ്കമാണ്. ഭാരതത്തിന്റെ ഐക്യം ഏകവിശ്വാസത്തിൽ അധിഷ്ഠിതമല്ലെന്നും രാജ്യത്തിന്റെ പാരമ്പര്യം സഹിഷ്ണുതയുടേതാണെന്നും മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻ രാഷ്ട്രത്തെ ഓർമ്മിപ്പിച്ചതു വർദ്ധിച്ചുവന്ന അക്രമങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു. പ്രാകൃത സംസ്കാരത്തിലേക്കുള്ള മറ്റൊരു മടങ്ങിപ്പോക്കാണ് ഒറീസ സംഭവങ്ങൾ. ഭാരത മണ്ണിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കട്ടെ.

**05. ഒറീസ്സ അക്രമം— പൊലീസ് സംരക്ഷണം നൽകുന്നില്ലെന്നു ആർച്ച് ബിഷപ്.** മനോരമ 27-12-2007

സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ദിനം പ്രതീക്ഷിച്ചിരുന്ന ഒറീസയിലെ ക്രിസ്തുമത വിശ്വാസികൾക്ക് ഇതു ഭീതിജനകമായ ക്രിസ്മസ്. ആഘോഷങ്ങൾക്കായി നക്ഷത്രങ്ങളും പുൽക്കൂടുകളും ഒരുക്കി കാത്തിരുന്ന വിശ്വാസികളിൽ പലരും ആക്രമണം ഭയന്ന് വനത്തിലൊളിച്ചിരിക്കയാണ്. തോക്കും കത്തിയും ലാത്തിയുമായി റോന്തു ചുറ്റുന്ന ആക്രമണകാരികൾ കണ്ഡമാൽ ജില്ലയുടെ നിയന്ത്രണം ഏറ്റെടുത്തിരിക്കയാണെന്നും ന്യൂനപക്ഷങ്ങളെ അടിച്ചൊതുക്കുമ്പോൾ പൊലീസ് നോക്കിനിൽക്കുകയാണെന്നും കട്ടക്-ഭുവനേശ്വർ അതിരൂപതാ ആർച്ച്ബിഷപ്പും മലയാളിയുമായ റാഫേൽ ചീനത്ത് ഫോണിൽ പറഞ്ഞു. ആക്രമണഭീതിയെ തുടർന്നു ജില്ലയിൽ മിക്കയിടത്തും ക്രിസ്ത്യാനികൾ പുറത്തിറങ്ങുന്നില്ല. ആക്രമിക്കപ്പെട്ട പള്ളികളെയും സ്ഥാപനങ്ങളെയും കുറിച്ചു കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. അങ്ങോട്ട് ആരേയും പ്രവേശിപ്പിക്കുന്നില്ല. ബിഷപ്സ് ഹൗസിൽനിന്നു മുഖ്യമന്ത്രി നവീൻ പട്നായിക്കിനെ പലതവണ ബന്ധപ്പെട്ടിട്ടും കൂടിക്കാഴ്ചയ്ക്ക് സമയം ലഭിച്ചില്ലെന്ന് ആർച്ച് ബിഷപ് പറഞ്ഞു.

**06. പുതുവർഷത്തെ വരവേൽക്കാൻ കുടിച്ചു തീർത്തത് 18.5കോടി.** ദീപിക 2-1-2008

ഓണവും ക്രിസ്മസും പുതുവത്സരവും ആഘോഷമാക്കുന്ന മലയാളികൾ കുടിച്ചു തീർത്ത മദ്യത്തിന്റെ അളവിലും റിക്കാർഡിട്ടാണ് 2007 കടന്നു പോയത്. മദ്യ വിൽപ്പനയിലൂടെ സർക്കാരിനുള്ള വരുമാനത്തിൽ 19% വർദ്ധനയാണ് 2007-ലുണ്ടായത്. ഈ കാലയളവിൽ മദ്യവിൽപ്പനയിലൂടെ സർക്കാരിനു റവന്യൂ വരുമാനമായി ലഭിച്ചത്. 1802.85 കോടി രൂപ. മുൻ വർഷം ഇത് 1514.04 കോടിയായിരുന്നു.

ബിവറേജസ് കോർപ്പറേഷന്റെ വിൽപനശാലകളിൽ നിന്നുള്ള താത്കാലിക കണക്കനുസരിച്ച് പുതുവത്സരത്തെ വരവേൽക്കാൻ ഡിസംബർ 30-നു മാത്രം 18.5 കോടി രൂപയുടെ മദ്യമാണ് മലയാളികൾ കുടിച്ചു തീർത്തത്. കഴിഞ്ഞ വർഷം ഇത് 15.83 കോടിയായിരുന്നു. വർഷാവസാനത്തെ കണക്കുകൾ പലയിടത്തു നിന്നും ലഭിച്ചിട്ടില്ല. ബാറുകളിൽ നിന്നുള്ള വിൽപനക്കണക്കും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതുവത്സരത്തിന്റെ തലേ ദിവസമായ 31-ന് അർധരാത്രി വരെ ബിവറേജസ് കോർപ്പറേഷന്റെ ചാലക്കുടി ശാഖയിലാണ് ഏറ്റവും അധിക വിൽപ്പന നടന്നത്-11. 28 ലക്ഷം. തലസ്ഥാന ജില്ലയിലെ പഴവങ്ങാടിയിലെ ഷോപ്പിനാണ് രണ്ടാം സ്ഥാനം. 9. 9 ലക്ഷം രൂപയുടെ മദ്യമാണ് ഇവിടെ വിറ്റഴിച്ചത്. (ഫോർട്ട് കൊച്ചി (9. 36 ലക്ഷം രൂപ), അടൂർ (9. 08 ലക്ഷം രൂപ) ഷോപ്പുകളാണ് തൊട്ടുപുറകിൽ. ക്രിസ്മസ് പുതുവത്സര ആഘോഷങ്ങൾക്കായി കഴിഞ്ഞ മാസം 20 മുതൽ 31 വരെയുള്ള കാലയളവിൽ വിറ്റത് 164. 50 കോടി രൂപയുടെ മദ്യമാണ്. കഴിഞ്ഞ വർഷം ഇത് 133. 87 കോടി രൂപയായിരുന്നു.